ഹോസ്റ്റലിന് 70.18 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. കാക്കനാട്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് മൂന്നാം ഗഡു ഗ്രാന്റ് തുകയായ 15,21,117 രൂപ ലഭിക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് കേന്ദ്ര ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുണ്ട്. മൂന്നാം ഗഡു ലഭിച്ചശേഷം നാലാം ഗഡുവിനുള്ള അപേക്ഷ നൽകും.

(ഡി) സംസ്ഥാന സർക്കാർ ഇതിലേക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകളുടെയും പ്ലോട്ടുകളുടെയും ലേലം

33 [3557] *ശ്രീ. വി. ജെ. പൗലോസ്:*

„ *കെ. എ. ചന്ദ്രൻ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകളും, വീടുകളുടെ പ്ലോട്ടുകളും ലേലം ചെയ്തു വിൽക്കുവാൻ തുടങ്ങിയത് എന്നുമുതലാണ്;

(ബി) ഇവ ലേലത്തിൽ വിൽക്കുവാനുള്ള കാരണമെന്താണ്;

(സി) ഇവ ദീർഘകാല ഹയർ പർച്ചേഴ്സ് അടിസ്ഥാനത്തിൽ വാങ്ങുവാൻ ഇടപാടുകാരെ കിട്ടാതെ വന്നത് എന്തുകൊണ്ടാണ്;

(ഡി) ഇതുവരെ എത്ര ഫ്ളാറ്റുകളും, വീടുകളും, പ്ലോട്ടുകളും ലേലത്തിൽ കൊടുത്തു എന്നും ഈയിനത്തിൽ ബോർഡിന് എന്തു തുക കിട്ടിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-12-2003-മുതലാണ്.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സമാഹരിച്ച് ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം ബോർഡ് നിശ്ചയിക്കുന്ന വില ചിലപ്പോൾ പ്രാദേശിക മാർക്കറ്റ് വിലയേക്കാൾ കൂടുതലായി വരുന്നതിനാൽ ഇവ വാങ്ങുവാൻ ആളുകൾ പലപ്പോഴും മുന്നോട്ടു വരുന്നില്ല. ഇപ്രകാരം വർഷങ്ങളായി വിൽക്കാതെ കിടക്കുന്ന യൂണിറ്റുകളുടെ വില സർക്കാർ കുറവ് ചെയ്ത് നിശ്ചയിച്ചിട്ടും വിറ്റു പോകാത്ത യൂണിറ്റുകൾ അവയുടെ വിലയുടെ 75% അപ്സെറ്റ് പ്രൈസ് ആയി നിശ്ചയിച്ച് ലേലം ചെയ്തു വിൽക്കുവാൻ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഉത്തരം 'ബി' യിൽ വിശദമാക്കിയ പ്രകാരം അലോട്ട്മെന്റ് യൂണിറ്റുകളുടെ വില പ്രാദേശിക മാർക്കറ്റ് വിലയേക്കാൾ പലപ്പോഴും കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതിനാലും, ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും കുറഞ്ഞ പലിശയ്ക്ക് വീടും സ്ഥലവും വാങ്ങുവാൻ വായ്പ നൽകുന്നതിനാലുമാണ്.

(ഡി) ഇതുവരെ 175 ഫ്ളാറ്റുകളും 286 വീടുകളും 197 പ്ലോട്ടുകളും ഉൾപ്പെടെ മൊത്തം 658 യൂണിറ്റുകളാണ് ലേലത്തിൽ വിറ്റത്. ഈയിനത്തിൽ 3681.76 ലക്ഷം രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്.

ഹോസ്ദുർഗ് മിനി സിവിൽ സ്റ്റേഷൻ

34 [3558] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് മിനി സിവിൽ സ്റ്റേഷനു വേണ്ടി തറക്കല്ലിട്ട് വർഷങ്ങളായിട്ടും പണി തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി തുടങ്ങാനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പണി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി റവന്യൂ ടവർ നിർമ്മിക്കുന്നതിനാണ് തറക്കല്ലിട്ടത്. ഹോസ്ദുർഗിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നൂറുദിന പരിപാടി

35 [3560] *ശ്രീ. ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:*

„ *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി മരാമത്ത് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര കി. മീ. റോഡുകൾ ഏറ്റെടുക്കുവാനാണുദ്ദേശിച്ചിട്ടുള്ളത് ; ഇതുവരെ എത്ര കി. മീ. റോഡ് ഏറ്റെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly